# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

02-12-2014ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 381

### വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നടപടി.

ചോദ്യം | ഉത്തരം

ശ്രീമതി.കെ.എസ്. സലീഖ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നിലവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു.<br>2. സെക്ഷൻസ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ്, റീജിയണൽ ആഡിറ്റ് ഓഫീസിൽനിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.<br>3. പത്ര – ദൃശ്യ മാദ്ധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം<br>4. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ മൊബൈൽ നമ്പർ വൈദ്യുതി ബോർഡിന്റെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>5. വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താക്കളുടെ മീറ്ററുകൾ സീൽ ചെയ്തിട്ടുണ്ട്.<br><br>(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് നടപ്പുവർഷം 592 |

<table>
<tr>
<td>(ബി) ഇവ കണ്ടെത്താൻ നിയോഗിച്ചിട്ടുള്ള ആന്റി പവ്വർ തെഫ്റ്റ് സ്ക്വാഡ് നടപ്പ് വർഷം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി; അതിലൂടെ എന്ത് തുകയുടെ വൈദ്യുതി മോഷണം കണ്ടെത്തി; എന്ത് തുക ഫൈൻ ഇനത്തിൽ ഈടാക്കി; വിശദാംശം നൽകാമോ;</td>
<td>വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന് 5,77,40,625/- രൂപ പിഴ ചുമത്തുകയും അതിൽ 3,60,64,857/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്</td>
</tr>
<tr>
<td>(സി) ഓരോ ജില്ലയിലും നടപ്പ് വർഷം കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി കണക്ഷൻ എത്ര; വിശദാംശം വ്യക്തമാക്കുമോ;</td>
<td>(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>201</td></tr>
<tr><td>2.</td><td>കൊല്ലം</td><td>4905</td></tr>
<tr><td>3.</td><td>പത്തനംതിട്ട</td><td>618</td></tr>
<tr><td>4.</td><td>കോട്ടയം</td><td>4644</td></tr>
<tr><td>5.</td><td>ആലപ്പുഴ</td><td>269</td></tr>
<tr><td>6.</td><td>എറണാകുളം</td><td>79</td></tr>
<tr><td>7.</td><td>ഇടുക്കി</td><td>211</td></tr>
<tr><td>8.</td><td>തൃശ്ശൂർ</td><td>516</td></tr>
<tr><td>9.</td><td>പാലക്കാട്</td><td>962</td></tr>
<tr><td>10.</td><td>മലപ്പുറം</td><td>989</td></tr>
<tr><td>11.</td><td>കോഴിക്കോട്</td><td>128</td></tr>
<tr><td>12.</td><td>വയനാട്</td><td>105</td></tr>
<tr><td>13.</td><td>കണ്ണൂർ</td><td>205</td></tr>
<tr><td>14.</td><td>കാസർഗോഡ്</td><td>746</td></tr>
</table>
</td>
</tr>
<tr>
<td>(ഡി) പ്രസ്തുത വൈദ്യുതി കണക്ഷൻ വീട്ടാവശ്യത്തിനും മറ്റു വർക്കുകൾക്കും ദുരുപയോഗം ചെയ്യുന്നതായി വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ;</td>
<td>(ഡി) കണ്ടെത്തിയിട്ടുണ്ട്.</td>
</tr>
<tr>
<td>(ഇ) എങ്കിൽ നിലവിലെ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ ഏതെങ്കിലും ജനപ്രതിനിധികളോ; മുൻ</td>
<td>(ഇ) ഉണ്ട്. 16.10.2014-ന് വാഴക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നടത്തിയ പരിശോധനയിൽ മുൻ ജനപ്രതിനിധി ശ്രീ. ടി.എച്ച്. മുസ്തഫയുടെ ഉടമസ്ഥതയിലുള്ള കാർഷിക വൈദ്യുതി കണക്ഷനിൽ ദുരുപയോഗം കണ്ടെത്തുകയും</td>
</tr>
</table>

| | |
|---|---|
| ജനപ്രതിനിധികളോ; വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരോ, മറ്റ് സർക്കാർ വകുപ്പ് ഉദ്യോഗസ്ഥരോ വൈദ്യുതി മോഷണമോ, ദുരുപയോഗമോ, സാരമായ ദുരുപയോഗമോ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | ആയതിന് 19,743/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കണിയാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കൺസ്യൂമർ നമ്പർ.7337-ൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് 25.04.2014-ന് നടത്തിയ പരിശോധനയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയാക് തൊറാസിക് സർജറി വിഭാഗം മേധാവി ഡോ. അബ്ദുൽ റഷീദ് കാർഷികാവശ്യത്തിനുള്ള വൈദ്യുതി ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും ആയതിന് 1,17,830/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) ഇതു വഴി എന്തു തുകയുടെ ദുരുപയോഗം നടപ്പ് വർഷം നടന്നുവെന്നും അതിലൂടെ എന്ത് തുക ഫൈൻ ആയി ഈടാക്കിയെന്നും വ്യക്തമാക്കുമോ? | (എഫ്) മേൽ പ്രസ്താവിച്ച പ്രകാരം 1,37,573 രൂപയുടെ വൈദ്യുതി ദുരുപയോഗം നടപ്പുവർഷം കണ്ടെത്തുകയും ടി തുക ഫൈൻ ആയി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ